# <u>വാർഷിക  ഭരണ റിപ്പോർട്ടുകൾ</u>

# <u>കേരള നിയമ പരിഷ്കരണ കമ്മീഷന്റെ 2017-2018 ലെ വാർഷിക റിപ്പോർട്ട്</u>

## <u>ആമുഖം</u>

കേരള സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നംപർ 45/2017/ നിയമം തീയതി 09.03.2017 പ്രകാരം കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ച് ഉത്തരവായിരുന്നു. ജസ്റ്റീസ് കെ.റ്റി.തോമസ് ചെയർമാനായും, ശ്രീ.കെ.ശശിധരൻനായർ, വൈസ് ചെയർമാനായും, ഡോക്ടർ എൻ.കെ.ജയകുമാർ, അഡ്വ.എം.കെ.ദാമോദരൻ, ശ്രീമതി. ലിസ്സമ്മ അഗസ്റ്റിൻ എന്നിവർ അംഗങ്ങളുമായാണ് കമ്മീഷൻ രൂപീകരിച്ചത്. കമ്മീഷൻ അംഗമായി നിയമിച്ച അഡ്വ. എം കെ.ദാമോദരൻ നിര്യാതനായ ഒഴിവിൽ റിട്ടയേർഡ് ജില്ലാ ജഡ്ജിയായ ശ്രീ.കെ.ജോർജ് ഉമ്മനെ അംഗമായി ഉൾപ്പെടുത്തികൊണ്ട് സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നംപർ 24/2018/നിയമം തീയതി 16.02.2018 ന് ഉത്തരവ് പുറപ്പെടുവിച്ചു. കമ്മീഷൻ ചെയർമാനും, വൈസ് ചെയർമാനും അംഗങ്ങളായ ഡോക്ടർ എൻ.കെ.ജയകുമാറും, ശ്രീമതി.ലിസമ്മ അഗസ്റ്റിനും 5.4.2017 ലും ശ്രീ.കെ.ജോർജ് ഉമ്മൻ 7.3.2018 ലും ചാർജ് എടുത്തിട്ടുള്ളതാണ്.

കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനുമായിട്ടാണ് കമ്മീഷൻ രൂപീകരിച്ചത്.

## <u>ഘടന</u>

കമ്മീഷൻ ചെയർമാനും, അംഗങ്ങൾക്കും പുറമെ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് (സാധാരണം) നംപർ 195/ 2018/ പൊ.ഭ.വ തീയതി 10.01.2018 മുഖേന നിയമവകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമ വകുപ്പിലെ ജോയിന്റ്  സെക്രട്ടറിയായിരുന്ന ശ്രീ.വി.എം.ചാക്കോയെ കമ്മീഷൻ

ജോയിന്റ് സെക്രട്ടറിയായി നിയമിക്കുകയും ശ്രീ. വി.എം.ചാക്കോ 10.01.2018 ൽ ചുമതല ഏറ്റെടുക്കുകയും ചെയ്തു.

സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നംപർ 150/ 2017/ നിയമം തിയതി 15.12.2017 പ്രകാരം നിയമ പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനത്തിനായി ചെയർമാന്റെ കോട്ടയം ഓഫീസിൽ പ്രൈവറ്റ് സെക്രട്ടറി, ഓഫീസ് സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ഒന്നു വീതവും, തിരുവനന്തപുരം ഓഫീസിലേക്കായി ജോയിന്റ് സെക്രട്ടറി, ഡാറ്റാ എൻട്രി ഓപ്പറേറ്റർ/ ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ ഒന്നു വീതവും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത തസ്തികകളിൽ യഥാക്രമം ശ്രീ.എൻ.തോമസ് കുട്ടി, ശ്രീ.വി.ജെ.ജോസഫ്, ശ്രീ.കെ.റ്റി.ജോസഫ്, ശ്രീ.വി.എം.ചാക്കോ, ശ്രീ.പി.ജഗദീശ പ്രസാദ് എന്നിവർ സേവനം അനുഷ്ടിച്ചു വരുന്നു. ഇതിൽ ശ്രീ.വി.എം,ചാക്കോ ഒഴികെയുള്ളവർ കോ-ടെർമിനസ് വ്യവസ്ഥയിലും, ശ്രീ.വി.എം. ചാക്കോ അന്യത്ര സേവന വ്യവസ്ഥയിലുമാണ് സേവനം അനുഷ്ഠിക്കുന്നത്. ഇവരെ കുടാതെ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഓഫീസ് അറ്റൻഡന്റും ഒരു പാർട്ട് ടൈം കണ്ടിൻജന്റ് സ്വീപ്പറും തിരുവനന്തപുരം ഓഫീസിൽ ജോലി നോക്കി വരുന്നു.

## <u>കമ്മീഷന്റെ പ്രവർത്തനം</u>

05.04.2017 ൽ കമ്മീഷൻ ആദ്യ സിറ്റിംഗ് കോട്ടയം P.WD. റസ്റ്റ്ഹൗസിൽ വച്ച് കൂടുകയുണ്ടായി. അന്നേ ദിവസം കമ്മീഷന്റെ ദൈനം ദിന പ്രവർത്തനങ്ങൾക്കു വേണ്ട തീരുമാനങ്ങൾ എടുക്കുകയും കമ്മീഷന്റെ മുൻഗണനാക്രമം തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 20.05.2017, 13.06.2017, 29.7.2017, 08.09.2017, 07.03.2018 എന്നീ തീയതികളിൽ സിറ്റിംഗ് നടത്തുകയും കമ്മീഷന്റെ കോട്ടയം ഓഫീസ് കോട്ടയം P.WD. റസ്റ്റ്ഹൗസിലെ ഒന്നാം നംപർ മുറിയിൽ പ്രവർത്തിക്കുകയും തിരുവനന്തപുരത്തെ ഓഫീസ് പുത്തൻചന്തയിലുള്ള C.S.I . ബിൽഡിംഗ്സിലെ മൂന്നാം നിലയിൽ വാടകയ്ക് പ്രവർത്തിച്ചു വരികയും ചെയ്യുന്നു

## <u>ധനകാര്യം</u>

2017-2018 ലെ കമ്മീഷന്റെ പ്രവർത്തന ചിലവിലേക്കായി 21.2.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നംപർ 1324/ 2018/ ധനം പ്രകാരം പതിനഞ്ച് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ

കമ്മീഷനിൽ ആദാന-വിദാന ഉദ്യോഗസ്ഥനെ നിയമിക്കാൻ താമസിച്ചതിനാൽ 30.03.2018 ൽ പ്രസ്തുത സംഖ്യ നിയമ വകുപ്പിന് തിരികെ നൽകേണ്ടി വന്നു. തൻമൂലം റിപ്പോർട്ട് വർഷത്തിൽ കമ്മീഷന് യാതൊരു സംഖ്യയും ചെലവഴിക്കാൻ സാധിച്ചിട്ടില്ലാത്തതാണ്.

## വിവരാവകാശനിയമം – 2005

2005-ലെ വിവരാവകാശ നിയമ പ്രകാരം കമ്മീഷൻ ജോയിന്റ് സെക്രട്ടറി ശ്രീ.വി.എം.ചാക്കോയെ പബ്ളിക് ഇൻഫർമേഷൻ ഓഫീസറായി നിയോഗിച്ചിട്ടുള്ളതാണ്. പ്രസ്തുത നിയമത്തിലെ 4-ആം വകുപ്പ് പ്രകാരം സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങൾ കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന പ്രസിദ്ധം ചെയ്തിട്ടുള്ളതുമാണ്.

## ഔദ്യോഗിക ഭാഷ നിയമം

കമ്മീഷനിലെ ഫയലുകളെല്ലാം തന്നെ ഔദ്യോഗിക ഭാഷയിലാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ കമ്മീഷൻ ബില്ലുകൾ തയ്യാറാക്കുന്നത് ഇംഗ്ലീഷിലാണ്.

. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കമ്മീഷന്റെ കോട്ടയം, തിരുവനന്തപുരം ഓഫീസുകളിൽ രണ്ടു കംപ്യൂട്ടറും, രണ്ടു പ്രിന്ററും വാങ്ങി സ്ഥാപിക്കുകയും കമ്മീഷനുവേണ്ടി വെബ് സൈറ്റ് www.lawreformscommission.kerala.gov.in എന്ന അഡ്രസ്സിലും കമ്മീഷന്റെ ഇ.മെയിൽ വിലാസമായി lawreformskerala@gmail.com ആരംഭിക്കുകയും ചെയ്തു.

ജോയിന്റ് സെക്രട്ടറി,
നിയമ പരിഷ്കരണ
കമ്മീഷൻ

.

# കേരള നിയമ പരിഷ്കരണ കമ്മീഷന്റെ 2018-2019 ലെ വാർഷിക റിപ്പോർട്ട്

## ആമുഖം

കേരള സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നംപർ 45/2017/നിയമം തീയതി 09.03.2017 പ്രകാരം കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ച് ഉത്തരവായി. ജസ്റ്റീസ് (റിട്ട) കെ.റ്റി.തോമസ് ചെയർമാനായും, ശ്രീ.കെ.ശശിധരൻനായർ, വൈസ് ചെയർമാനായും, ഡോക്ടർ എൻ.കെ.ജയകുമാർ, അഡ്വ.എം.കെ.ദാമോദരൻ, ശ്രീമതി. ലിസ്സമ്മ അഗസ്റ്റിൻ എന്നിവർ അംഗങ്ങളുമായാണ് കമ്മീഷൻ രൂപീകരിച്ചത്. കമ്മീഷൻ അംഗമായി നിയമിച്ച അഡ്വ. എം കെ.ദാമോദരൻ നിര്യാതനായ ഒഴിവിൽ റിട്ടയേർഡ് ജില്ലാ ജഡ്ജിയായ ശ്രീ.കെ.ജോർജ് ഉമ്മനെ അംഗമായി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നംപർ 24/2018/നിയമം തീയതി 16.02.2018 ന് ഉത്തരവ് പുറപ്പെടുവിച്ചു. കമ്മീഷൻ ചെയർമാനും, വൈസ് ചെയർമാനും അംഗങ്ങളായ ഡോക്ടർ എൻ.കെ.ജയകുമാറും, ശ്രീമതി.ലിസമ്മ അഗസ്റ്റിനും 5.4.2017 ലും ശ്രീ.കെ.ജോർജ് ഉമ്മൻ 7.3.2018 ലും ചാർജ് എടുത്തിട്ടുള്ളതാണ്.

കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനുമായിട്ടാണ് കമ്മീഷൻ രൂപീകരിച്ചത്.

## ഘടന

കമ്മീഷൻ ചെയർമാനും, അംഗങ്ങൾക്കും പുറമെ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് (സാധാരണം) നംപർ 195/ 2018/ പൊ.ഭ.വ തീയതി 10.01.2018 മുഖേന നിയമവകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീ.വി.എം.ചാക്കോയെ കമ്മീഷന്റെ ജോയിന്റ് സെക്രട്ടറിയായി നിയമിക്കുകയും ശ്രീ. വി.എം.ചാക്കോ 10.01.2018 ൽ ചുമതല ഏറ്റെടുക്കുകയും ചെയ്തു.

സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നംപർ 150/ 2017/ നിയമം തിയതി 15.12.2017 പ്രകാരം നിയമ പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനത്തിനായി ചെയർമാന്റെ കോട്ടയം ഓഫീസിൽ പ്രൈവറ്റ് സെക്രട്ടറി, ഓഫീസ് സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ഒന്നു വീതവും, തിരുവനന്തപുരം ഓഫീസിലേക്കായി ജോയിന്റ് സെക്രട്ടറി, ഡാറ്റാ എൻട്രി ഓപ്പറേറ്റർ/ ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ ഒന്നു വീതവും സൃഷ്ടിച്ച് ഉത്തരവ്

പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത തസ്തികകളിൽ യഥാക്രമം ശ്രീ.എൻ.തോമസ് കുട്ടി, ശ്രീ.വി.ജെ.ജോസഫ്, ശ്രീ.കെ.റ്റി.ജോസഫ്, ശ്രീ.വി.എം.ചാക്കോ, ശ്രീ.പി.ജഗദീശ പ്രസാദ് എന്നിവർ സേവനം അനുഷ്ടിച്ചു വരുന്നു. ഇതിൽ ശ്രീ.വി.എം,ചാക്കോ ഒഴികെയുള്ളവർ കോ-ടെർമിനസ് വ്യവസ്ഥയിലും, ശ്രീ.വി.എം. ചാക്കോ അന്യത്ര സേവന വ്യവസ്ഥയിലുമാണ് സേവനം അനുഷ്ഠിക്കുന്നത്. ഇവരെ കുടാതെ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഓഫീസ് അറ്റൻഡന്റും ഒരു പാർട്ട് ടൈം കണ്ടിൻജന്റ് സ്വീപ്പറും തിരുവനന്തപുരം ഓഫീസിൽ ജോലി നോക്കി വരുന്നു.

## കമ്മീഷന്റെ പ്രവർത്തനം

റിപ്പോർട്ട് വർഷത്തിൽ 11.04.2018, 26.04.2018, 07.06.2018, 27.06.2018, 02.08.2018, 14.09.2019, 05.10.2018, 09.11.2018, 07.12.2018, 18.01.2019, 08.02.2019 എന്നീ തീയതികളിൽ കോട്ടയം P.WD. റസ്റ്റ്ഹൗസിൽ വച്ച് കമ്മീഷന്റെ മീറ്റിംഗുകൾ കൂടുകയും ചെയ്തു. പ്രസ്തുത മീറ്റിംഗുകളിൽ കമ്മീഷന്റെ ദൈനംദിന പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കുകയും വിവിധ കരട് ബില്ലുകൾ ചർച്ച ചെയ്യുകയും കേരള വെക്സേഷ്യസ് ലിറ്റിഗേഷൻ (പ്രിവൻഷൻ) ബിൽ 2018 10.10.2018 നും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കുഷ്ഠരോഗം ബാധിച്ചവരുടെ അയോഗ്യതയും വിവേചനവും നിലനിൽക്കുന്ന നിയമങ്ങളിൽ നിന്നും ചട്ടങ്ങളിൽ നിന്നും പ്രസ്തുത അയോഗ്യതകളും, വിവേചനങ്ങളും നീക്കം ചെയ്യുന്നതിനുള്ള ശുപാർശകൾ ഉൾക്കൊള്ളുന്ന ബിൽ 17.10.2018 തിയതിക്കും രണ്ട് റിപ്പോർട്ടുകളാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്. മീറ്റിംഗുകളിൽ എടുക്കുന്ന തീരുമാനങ്ങളുടെ തുടർനടപടികളും ഭരണപരമായ മറ്റു കാര്യങ്ങളും കമ്മീഷന്റെ തിരുവനന്തപുരത്തെ ഓഫീസിലാണ് നിർവ്വഹിച്ചു വരുന്നത്.

17.01.2019 ൽ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള സ്കൂൾ ഓഫ് ലീഗൽ തോട്ടുമായി സഹകരിച്ച് എമർജൻസി മെഡിക്കൽ കെയർ ബില്ലിനെ സംബന്ധിച്ച് സ്കൂൾ ഓഫ് ലീഗൽ തോട്ടിൽ വച്ച് ഒരു ഏകദിന ശിൽപ്പശാല സംഘടിപ്പിക്കുകയും ബഹു.ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് മന്ത്രി പ്രസ്തുത ശില്പശാല ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ശില്പശാലയിൽ പങ്കെടുത്തവരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങൾകൂടി പരിഗണിച്ചുകൊണ്ട് പ്രസ്തുത ബില്ല് സർക്കാരിന് സമർപ്പിക്കുന്നതാണ്.

## ധനകാര്യം

| ഹെഡ് ഓഫ് അക്കൗണ്ട് | അനുവദിച്ച തുക | ചിലവഴിച്ച തുക | ബാക്കി |
|---|---|---|---|
| 1. 2014-00-800-80-01 ശമ്പളം | 17,33,000 | 20,22,833 | - 4,89,833 |
| 2. 2014-00-800-80-02 വേജസ് | 43,67,000 | 43,45,931 | 21,096 |
| 3. 2014-00-800-80-04 റ്റി.എ. | 6,30,000 | 2,11,173 | 4,18,827 |
| 4. 2014-00-800-80-05 ഓഫീസ് ചെലവ് | 6,25,000 | 62,932 | 5,62,068 |
| 5. 2014-00-800-80-06 റെന്റ്,റെയ്റ്റ്,ടാക്സ് | 8,00,000 | 4,48,600 | 3,51,400 |
| 6. 2014-00-800-80-34 അദർ ചാർജസ് | 6,00,000 | 4,36,164 | 1,63,836 |
| 7. 2014-00-800-80-97 ഹയർ ചാർജസ് | 3,60,000 | ഇല്ല | 3,60,000 |
| 8. 2014-00-800-80-99 ഇൻഫർമേഷൻ ടെക്നോളജി | 5,00,000 | 1,91,342 | 3,08,658 |

## <u>വിവരാവകാശനിയമം – 2005</u>

2005-ലെ വിവരാവകാശ നിയമ പ്രകാരം കമ്മീഷൻ ജോയിന്റ് സെക്രട്ടറി ശ്രീ.വി.എം.ചാക്കോയെ പബ്ളിക് ഇൻഫർമേഷൻ ഓഫീസറായി നിയോഗിച്ചിട്ടുള്ളതാണ്. പ്രസ്തുത നിയമത്തിലെ 4-ആം വകുപ്പ് പ്രകാരം സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങൾ കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. അപ്പീൽ അധികാരിയായി നിയമിക്കപ്പെടുന്നതിന് കമ്മീഷനിൽ മറ്റ് ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ നിയമ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയെ അപ്പീൽ അധികാരിയായി നിയമിച്ച് ഉത്തരവാകുന്നതിനുവേണ്ടിയുള്ള അപേക്ഷ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്.

## <u>ഔദ്യോഗിക ഭാഷ നിയമം</u>

കമ്മീഷനിലെ ഫയലുകളെല്ലാം തന്നെ ഔദ്യോഗിക ഭാഷയിലാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ കമ്മീഷൻ ബില്ലുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നത് ഇംഗ്ലീഷിലാണ്.

## ഇൻഫർമേഷൻ ടെക്നോളജി

. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കമ്മീഷന്റെ കോട്ടയം, തിരുവനന്തപുരം ഓഫീസുകളിൽ രണ്ടു കംപ്യൂട്ടറും, രണ്ടു പ്രിന്ററും വാങ്ങി സ്ഥാപിക്കുകയും കമ്മീഷനുവേണ്ടി വെബ് സൈറ്റ് www.lawreformscommission.kerala.gov.in എന്ന അഡ്രസ്സിലും കമ്മീഷന്റെ ഇ.മെയിൽ വിലാസമായി lawreformskerala@gmail.com ആരംഭിക്കുകയും ചെയ്തു.

നിയമ പരിഷ്കരണ കമ്മീഷൻ

# കേരള നിയമ പരിഷ്കരണ കമ്മീഷന്റെ 2019-2020 ലെ വാർഷിക റിപ്പോർട്ട്

## ആമുഖം

കേരള സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നംപർ 45/2017/നിയമം തീയതി 09.03.2017 പ്രകാരം കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിച്ച് ഉത്തരവായി. ജസ്റ്റീസ് (റിട്ട) കെ.റ്റി.തോമസ് ചെയർമാനായും, ശ്രീ.കെ.ശശിധരൻനായർ, വൈസ് ചെയർമാനായും, ഡോക്ടർ എൻ.കെ.ജയകുമാർ, അഡ്വ.എം.കെ.ദാമോദരൻ, ശ്രീമതി. ലിസ്സമ്മ അഗസ്റ്റിൻ എന്നിവർ അംഗങ്ങളുമായാണ് കമ്മീഷൻ രൂപീകരിച്ചത്. കമ്മീഷൻ ചെയർമാനും, വൈസ് ചെയർമാനും അംഗങ്ങളായ ഡോക്ടർ എൻ.കെ.ജയകുമാറും, ശ്രീമതി.ലിസമ്മ അഗസ്റ്റിനും 5.4.2017 ൽ ചാർജെടുത്തു. കമ്മീഷൻ അംഗമായി നിയമിച്ച അഡ്വ. എം കെ.ദാമോദരൻ നിര്യാതനായ ഒഴിവിൽ റിട്ടയേർഡ് ജില്ലാ ജഡ്ജിയായ ശ്രീ.കെ.ജോർജ് ഉമ്മനെ അംഗമായി നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നംപർ 24/2018/നിയമം തീയതി 16.02.2018 ന് ഉത്തരവ് പുറപ്പെടുവിക്കുകയും, ശ്രീ.കെ.ജോർജ് ഉമ്മൻ 7.3.2018 ൽ ചാർജ് എടുക്കുകയും ചെയ്തിട്ടുള്ളതാണ്.

കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതു സംബന്ധിച്ചുള്ള പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനുമായിട്ടാണ് കമ്മീഷൻ രൂപീകരിച്ചത്.

## ഘടന

കമ്മീഷൻ ചെയർമാനും, അംഗങ്ങൾക്കും പുറമെ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുള്ളതാണ്.

സർക്കാർ ഉത്തരവ് (സാധാരണം) നംപർ 195/ 2018/ പൊ.ഭ.വ തീയതി 10.01.2018 മുഖേന നിയമവകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായിരുന്ന ശ്രീ.വി.എം.ചാക്കോയെ കമ്മീഷന്റെ ജോയിന്റ് സെക്രട്ടറിയായി നിയമിക്കുകയും ശ്രീ. വി.എം.ചാക്കോ 10.01.2018 ൽ ചുമതല ഏറ്റെടുക്കുകയും ചെയ്തു. പ്രസ്തുത നിയമനത്തിന് മുൻപ് നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും കോട്ടയം ജില്ലാ നിയമ ഓഫീസറുമായിരുന്ന ശ്രീമതി.എസ്.ബിന്നിയെ അധിക ചുമതല നൽകി കമ്മീഷൻ സെക്രട്ടറിയായി നിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

സ.ഉ.(സാധ) നം.4725/ 2019/ പൊ.ഭ.വ. തീയതി 08.08.2019 പ്രകാരം ശ്രീ.വി.എം.ചാക്കോയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ചതിനെത്തുടർന്ന് സ്ഥലം മാറ്റം ലഭിക്കുകയും ശ്രീമതി.ഷൈല പി.എസിനെ ജോയിന്റ് സെക്രട്ടറിയായി നിയമിക്കുകയും ചെയ്തു. തുടർന്ന് സ.ഉ.(സാധ) നം.6514/ 2019/ പൊ.ഭ.വ. തീയതി 12.11.2019 പ്രകാരം നിയമ പരിഷ്ക്കരണ കമ്മീഷനിലെ സെക്രട്ടറിയുടെ തസ്തിക അഡീഷണൽ സെക്രട്ടറിയുടെ തസ്തികയാക്കി ഉയർത്തുകയും ശ്രീ.വി.എം.ചാക്കോയെ വീണ്ടും കമ്മീഷൻ സെക്രട്ടറിയായി നിയമിക്കുകയും 13.11.2019-ൽ ശ്രീ.വി.എം.ചാക്കോ സെക്രട്ടറിയായി ചുമതല ഏൽക്കുകയും സർവീസിൽ തുടർന്നുവരികയും ചെയ്യുന്നു.

സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നംപർ 150/ 2017/ നിയമം തിയതി 15.12.2017 പ്രകാരം നിയമ പരിഷ്കരണ കമ്മീഷന്റെ പ്രവർത്തനത്തിനായി ചെയർമാന്റെ കോട്ടയം ഓഫീസിൽ പ്രൈവറ്റ് സെക്രട്ടറി, ഓഫീസ് സൂപ്രണ്ട്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ഒന്നു വീതവും, തിരുവനന്തപുരം ഓഫീസിലേക്കായി ജോയിന്റ് സെക്രട്ടറി, ഡാറ്റാ എൻട്രി ഓപ്പറേറ്റർ/ ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ ഒന്നു വീതവും സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത തസ്തികകളിൽ യഥാക്രമം ശ്രീ.എൻ.തോമസ് കുട്ടി, ശ്രീ.വി.ജെ.ജോസഫ്, ശ്രീ.കെ.റ്റി.ജോസഫ്,

ശ്രീ.വി.എം.ചാക്കോ, ശ്രീ.പി.ജഗദീശ പ്രസാദ് എന്നിവർ സേവനം അനുഷ്ടിച്ചു വരുന്നു. ഇതിൽ ശ്രീ.വി.എം,ചാക്കോ ഒഴികെയുള്ളവർ കോ-ടെർമിനസ് വ്യവസ്ഥയിലും, ശ്രീ.വി.എം. ചാക്കോ അന്യത്ര സേവന വ്യവസ്ഥയിലുമാണ് സേവനം അനുഷ്ഠിക്കുന്നത്. ഇവരെ കുടാതെ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ഓഫീസ് അറ്റൻഡന്റും ഒരു പാർട്ട് ടൈം കണ്ടിൻജന്റ് സ്വീപ്പറും തിരുവനന്തപുരം ഓഫീസിൽ ജോലി നോക്കി വരുന്നു.

കോട്ടയം ഓഫീസിലെ ഓഫീസ് സൂപ്രണ്ടായിരുന്ന ശ്രീ.വി.ജെ.ജോസഫിന്റെ കോ-ടെർമിനസ് വ്യവസ്ഥയിലുള്ള സേവനം 30.11.2019 തീയതി വച്ച് അവസാനിപ്പിക്കുകയും 01.12.2019 മുതൽ ശ്രീ.കെ.മണികണ്ഠനെ ഡ്രാഫിറ്റിംഗ് എക്സ്പെർട്ട് എന്ന പുതുതായി സൃഷ്ടിച്ച തസ്തികയിൽ ശ്രീ.വി.ജെ.ജോസഫിന് നൽകിയിരുന്ന അതേ വേതനത്തിൽ നിയമിക്കുകയും ചെയ്തു. ശ്രീ.കെ.മണികണ്ഠൻ ഇപ്പോഴും സർവീസിൽ തുടർന്നു വരുന്നു. തിരുവനന്തപുരം ഓഫീസിൽ പാർട്ട് ടൈം സ്വീപ്പറായി നിയമിച്ചരുന്ന ജീവനക്കാരിയെ മാറ്റി പകരം സർക്കാർ നിർദ്ദേശ പ്രകാരം ശ്രീമതി.എസ്.ശാന്തകുമാരിയെ കുടുംബശ്രീ മുഖേന 01.12.2019 മുതൽ നിയമിക്കുകയും അവർ ഇപ്പോഴും സർവീസിൽ തുടരുകയും ചെയ്യുന്നു.

## <u>കമ്മീഷന്റെ പ്രവർത്തനം</u>

റിപ്പോർട്ട് വർഷത്തിൽ 09--05.2019, 07.06.2019, 30.08.2019, 27.09.2019, 25.10.2019, 22.11.2019, 13.12.2018, 17.01.2020,14.02.2020 എന്നീ തീയതികളിൽ കോട്ടയം P.WD. റസ്റ്റ്ഹൗസിൽ വച്ചും, 28.5.2019, 19.10.2019, 05.03.2020 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് വച്ചും കമ്മീഷൻ മീറ്റിംഗുകൾ കൂടുകയും ചെയ്തു. പ്രസ്തുത മീറ്റിംഗുകളിൽ കമ്മീഷന്റെ ദൈനംദിന പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ തീരുമാനങ്ങൾ എടുക്കുകയും വിവിധ കരട് ബില്ലുകൾ ചർച്ച ചെയ്യുകയും താഴെ പറയുന്ന കരട് ബില്ലുകൾ റിപ്പോർട്ടുകളാക്കി സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.

(1) ദി കേരള പ്രിവൻഷൻ ഓഫ് ഇറാഡിക്കേഷൻ ഓഫ് ഇൻഹ്യുമൻ ഈവിൾ പ്രാക്ടീസസ് സോഷ്സറി ആന്റ് ബ്ലാക്ക് മാജിക്ക് ബിൽ -2019,

04.05.2019 ലെ 7323/സ്പെ.സെൽ/ നിയമം നംപർ കത്ത് മുഖേന നിയമ വകുപ്പ് അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും തടയുന്നതിനായി നിയമ നിർമ്മാണം നടത്തണമെന്ന ആവശ്യം സംബന്ധിച്ച ഫയൽ (നം.എം2/117/2019/ആഭ്യന്തരം) കമ്മീഷന് ലഭ്യമാക്കുകയും മേൽ വിഷയത്തിൽ കമ്മീഷന്റെ അഭിപ്രായം ആരായുകയും ചെയ്തു. പ്രസ്തുത വിഷയത്തിൻമേൽ കമ്മീഷൻ ഒരു കരട് ബിൽ തയ്യാറാക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. ഈ ബിൽ മനുഷ്യത്വരഹിതമായ പൈശാചിക

പ്രവർത്തികളും ദോഷകരമായ കാര്യങ്ങൾ സംഭവിക്കുമെന്ന് വിശ്വസിപ്പിക്കുന്ന തരത്തിലുള്ള പ്രലോഭനങ്ങൾ നൽകുന്നതുമായ പ്രവർത്തികളും ബ്ളാക്ക് മാജിക്ക് പോലെയുള്ള പ്രവർത്തികളും തടയുന്നതിനും ഉൻമുലനം ചെയ്യുന്നതിനും ജനങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവരെക്കുറിച്ച് ശാസ്ത്രീയവും, സാമൂഹികവും ആയ അവബോധം ഉണ്ടാക്കുന്നതിനും വേണ്ടി ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. ഇത്തരം നീച പ്രവർത്തികളും പൈശാചിക പ്രവർത്തികളും ചെയ്യുന്നവർ തങ്ങൾക്ക് പ്രകൃത്യാതീതമായ കഴിവുകളും മായികമായ കഴിവുകളും ഉണ്ടെന്ന് ജനങ്ങളെ വിശ്വസിപ്പിച്ചും നിഷ്ക്കളങ്കരും അറിവില്ലാത്തവരുമായ ജനങ്ങളിൽ നിന്നും പണം അപഹരിക്കുന്നതിനും അവരെ ലൈംഗീകമായി ചൂഷണം ചെയ്യുന്നതിനും അവർക്ക് ശാരീരികമായ വേദന ഉണ്ടാക്കുന്നതിനും വേണ്ടയാണ് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്.

(2) ദി കേരള റെഗുലേഷൻ ഓഫ് പ്രോസീഡ്യൂർഷ്സ് ഫോർ പ്രിവൻറ്റിംഗ് പേഴ്സൺ റ്റു പേഴ്സൺ ട്രാൻസ്മിഷൻ ഓഫ് ഇൻഫെക്ഷിയസ് ഓർഗാനിസമ്സ് ബിൽ-2019:

വൈറസ് വ്യാപനം മുലം ജനങ്ങളിൽ നിന്നും ജനങ്ങളിലേയ്ക്ക് രോഗം പടരുന്ന സാഹചര്യങ്ങളിൽ അത്തരം രോഗവ്യാപനം തടയുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റിന് അധികാരം നൽകുന്നതിനു വേണ്ടിയാണ് ഈ ബിൽ ഉദ്ദേശിച്ചിട്ടുള്ളത്. 2018 ൽ നിപ്പ വൈറസ് ബാധ മൂലം കേരളത്തിൽ 17 പേർ മരിക്കുകയും ജനങ്ങൾക്കിടയിൽ വൈറസ് ബാധയെക്കുറിച്ച് ഭീതി ജനകമായ അവസ്ഥസംജാതമാക്കുകയും ചെയ്തു. ഇത്തരം വൈറസ് മൂലമുള്ള രോഗങ്ങൾ പടരുന്നത് വൈറസ് ബാധിച്ച രോഗികളിൽ നിന്നും മറ്റുള്ളവരിലേയ്ക്കാണ്.

(3) ദി കേരള എമർജെൻസി മെഡിക്കൽ കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ഗുഡ് സമരിറ്റൻസ് ബിൽ-2019:

അടിയന്തിര വൈദ്യസഹായം ആവശ്യമുള്ളവർക്കും അപകടങ്ങൾക്ക് ഇരയാകുന്നവർക്കും വളരെ പെട്ടെന്ന് വൈദ്യസഹായം ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. അപകടത്തിൽപെട്ട രോഗികളെ സഹായിക്കുമ്പോൾ ഉണ്ടാകാനിടയുള്ള പോലീസിന്റെ ഭാഗത്ത്നിന്നുള്ള ഉപദ്രവങ്ങളും അത്തരം രോഗികളെ ആശുപത്രികളിൽ എത്തിച്ചാൽ നേരിടേണ്ടിവരുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും അത്തരം പ്രവൃത്തികൾ ചെയ്യുന്നതിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്നു. അടിയന്തിര വൈദ്യസഹായം ആവശ്യമുള്ളവരെയും നല്ല ശമരിയാക്കാരേയും സംരക്ഷിക്കുന്നതിനും ഇത്തരം സന്ദർഭങ്ങളിൽ രോഗികൾക്ക ചികിത്സ

നൽകുന്ന ആശുപത്രകൾക്ക് വരുന്ന ചിലവ് തിരികെ നൽകുന്നതിനും ആംബുലൻസ് സൗകര്യം ലഭ്യമാക്കുന്നവർക്ക് ആവശ്യമായ സംഖ്യ ലഭ്യമാക്കുന്നതിനുമായി ഒരു സ്ക്കീം രൂപീകരിക്കുന്നതിനും നിയമ നിർമ്മാണം ആവശ്യമായതിനാൽ പ്രസ്തുത ബില്ല് സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്.

(4) പ്രിവൻഷൻ ഓഫ് ഡാമേജ് റ്റു പബ്ളിക് പ്രോപ്പർട്ടി (കേരള അമൻഡ്മെന്റ്) ബിൽ-2019:

റിട്ട് പെറ്റീഷൻ നംപർ 330/2018 (കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റി V.യൂണിയൻ ഓഫ് ഇൻഡ്യ) ലെ ബഹു.സുപ്രീംകോടതിയുടെ വിധിന്യായ പ്രകാരം നേരിട്ടോ അല്ലാതെയോ പൊതുമുതലോ, സ്വകാര്യ മുതലോ നശിപ്പിക്കുന്ന പ്രവർത്തികൾ ആരംഭിക്കുകയോ, പ്രോൽസാഹിപ്പിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യുന്ന ഒരു വ്യക്തിയോ, വ്യക്തികളോ അത്തരം അക്രമ പ്രവൃത്തികൾ മുലമുണ്ടാകുന്ന നഷ്ടം നികത്തുന്നതിന് ഉത്തരവാദികളായിരിക്കുമെന്ന് വിധി കൽപ്പിക്കുകയുണ്ടായി. സ്വകാര്യ വ്യക്തികൾക്കോ അവരുടെ വസ്തുവകകൾക്കോ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനോ ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുന്നിതിനോ അത്തരം കേസുകളിലെ പ്രതികൾക്ക് ജാമ്യം അനുവദിക്കുന്ന സമയം ജാമ്യ വ്യവസ്ഥയായി ബാങ്ക് ഗാരന്റിയോ അല്ലെങ്കിൽ കോടതിയിൽ പണം കെട്ടിവെയ്പ്പിക്കുന്നതിനോ നിലവിൽ നിയമം ഇല്ലാത്തതിനാൽ പൊതുമുതൽ നശിപ്പിക്കൽ നിരോധന നിയമത്തിൽ ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടാണ് ഈ ബിൽ സമർപ്പിച്ചിട്ടുള്ളത്.

(5) കേരള ക്യസ്റ്റ്യൻ സിമിറ്ററീസ് (റൈറ്റ് റ്റു ബറിയൽ ഓഫ് കോർപ്സ്) ബിൽ-2019:

ഈയടുത്തകാലത്തായി ക്യസ്ത്യാനികളുടെ മൃതദേഹങ്ങൾ സെമിത്തേരികളിൽ അടക്കം ചെയ്യുന്നതിന് തടസ്സവും കാലതാമസവും നേരിടുന്നതായി പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ചില പള്ളികളിലെ ഭരണാധികാരികൾ മരിച്ച വ്യക്തി അംഗമായിട്ടുള്ള പള്ളിയുടെ സെമിത്തേരിയിൽ മാന്യമായി മൃതദേഹം അടക്കം ചെയ്യുന്നിതിന് തടസ്സം നിൽക്കുകയും താമസം വരുത്തുകയും ചെയ്യുന്നതായും ഉള്ള വാർത്തകളും വരികയുണ്ടായി. ഇതുമൂലം മരിച്ച ആളുകളുടെ ബന്ധുക്കൾ മൃതദേഹം അനന്തമായി സൂക്ഷിച്ചുവെയ്ക്കുന്നതിനും അതുമൂലം മൃതദേഹങ്ങൾക്ക് ലഭിക്കേണ്ട ചടങ്ങുകളും, ആചാരങ്ങളും അനുഷ്ഠാനങ്ങളും ലഭിക്കാതെ വരികയും മൃതദേഹങ്ങൾക്ക് ലഭിക്കേണ്ട ന്യായമായ മനുഷ്യാവകാശങ്ങൾ ലംഘിക്കപ്പെടുകയും ചെയ്തു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാൻ ഇടയായാൽ അത് സാമൂഹികമായും മതപരമായും ചില ക്യസ്ത്യൻ

മതവിഭാഗങ്ങളുടെ ഇടയിൽ അനൈക്യത്തിന് കാരണമാകുകയും ചെയ്യും. ഇത്തരം വിഷയങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടാണ് കമ്മീഷൻ ഈ ബിൽ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചത്.

(6) ദി മലബാർ ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആന്റ് എൻഡോവ്മെന്റ്സ് ബിൽ-2020:

23.3.2019 ലെ 1/99/2019/റവന്യൂ നംപർ കത്ത് മുഖേന റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി മലബാർ ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ബിൽ-2019 കമ്മീഷന് അയച്ചു തരികയും പ്രസ്തുത കരട് ബില്ലിൻമേൽ കമ്മീഷന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർക്കാരിന് ലഭ്യമാക്കുവാൻ അവശ്യപ്പെടുകയും ചെയ്തു. കമ്മീഷൻ പ്രസ്തുത ബില്ലിൻമേൽ വിശദമായ ചർച്ചകൾ നടത്തുകയും മലബാർ ദേവസ്വം ബോർഡിലെ ഉദ്യോഗസ്ഥരുമായും, മറ്റുള്ളവരുമായും കൂടിയാലോചനകൾ നടത്തുകയും ചെയ്തതിനുശേഷം ആവശ്യമായ ഭേദഗതികൾ വരുത്തിയ ബില്ലും അതിനോടൊപ്പം മലബാർ മേഖലയിലെ ഹിന്ദു മത ധർമ്മ സ്ഥാപനങ്ങളുടേയും എൻഡോവ്മെന്റുകളുടേയും സുഗമമായ പ്രവർത്തനത്തെയും ഭരണ നിർവഹണത്തേയും സംബന്ധിച്ച വിശദമായ ഒരു കുറിപ്പ് സഹിതം സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

(7) ദി കേരള ക്യസ്റ്റ്യൻ മാരേജ് രജിസ്ട്രേഷൻ ബിൽ-2020:

31.1.2018 ലെ 713/201/സ്പെഷ്യൽ സെൽ/2018/നിയമം നംപർ കത്ത് മുഖേന നിയമവകുപ്പ് സെക്രട്ടറി ക്യസ്റ്റ്യൻ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച് ഒരു ഏകീകൃത നിയമത്തിന്റെ കരട് സമർപ്പിക്കുവാൻ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. 1095-ലെ (1095 ലെ v ആം ആക്റ്റ്) കൊച്ചിൻ ക്യസ്റ്റ്യൻ സിവിൽ മാരേജ് ആക്റ്റിന് മുൻ കൊച്ചി സംസ്ഥാനത്ത് മാത്രം പ്രാബല്യം ഉണ്ടായിരുന്നതും 1872 ലെ (കേന്ദ്ര നിയമം 15/1872) ഇൻഡ്യൻ ക്യസ്റ്റ്യൻ മാരേജ് ആക്റ്റിന് മുൻ മലബാർ പ്രദേശത്തും മാത്രം പ്രാബല്യം ഉണ്ടായിരുന്നതിനാൽ കേരളത്തിന് മുഴുവൻ പ്രാബല്യമുള്ള ക്യസ്റ്റ്യൻ മാരേജ് രജിസ്ട്രേഷൻ നിയമത്തിന്റെ കരട് ബിൽ കമ്മീഷൻ തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തു.

27.04.2018-ലെ 26378/സ്പെ.സെൽ/2017/ നിയമം നംപർ കത്ത് മുഖേന നിയമ വകുപ്പ് 1908-ലെയും 1932 ലെയും ക്രിമിനൽ ലാ ഭേദഗതി നിയമങ്ങൾ വീണ്ടും ഭേദഗതി ചെയ്യുന്നിതിനുള്ള ആഭ്യന്തര വകുപ്പിന്റെ ആവശ്യം സംബന്ധിച്ച ഫയൽ കമ്മീഷന് അയച്ചുതരികയും ഈ വിഷയത്തിൻമേൽ കമ്മീഷന്റെ അഭിപ്രായം അറിയിക്കുവാൻ

ആവശ്യപ്പെടുകയും ചെയ്തു. പ്രസ്തുത വിഷയത്തിൻമേൽ വിശദമായ പഠനം നടത്തിയതിനുശേഷം 1908-ലെ ക്രിമിനൽ ലാ ഭേദഗതി നിയമത്തിലും (ആക്റ്റ് 14/1908) 1932-ലെ ക്രിമിനൽ ലാ ഭേദഗതി നിയമത്തിലും (ആക്റ്റ് 23/1932) പ്രസ്തുത നിയമങ്ങളുടെ പ്രാബല്യം തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങളിലേയ്ക്കും മുൻ മലബാർ പ്രദേശത്തേയ്ക്കും ദീർഘിപ്പിക്കേണ്ടതില്ല എന്നും അഭിപ്രായപ്പെട്ടുകൊണ്ട് സർക്കാരിന് മറുപടി നൽകിയിട്ടുള്ളതുമാണ്.

## <u>സർക്കാർ സ്വീകരിച്ച നടപടി</u>

കമ്മീഷൻ സമർപ്പിച്ച കേരള ക്യസ്റ്റ്യൻ സിമിറ്ററീസ് (റൈറ്റ് റ്റു ബറിയൽ ഓഫ് കോർപ്സ്) ബിൽ 2019, ദി കേരള ക്യസ്റ്റ്യൻ സിമിറ്ററീസ് (റൈറ്റ് റ്റു ബറിയൽ ഓഫ് കോർപ്സ്) ഓർഡിനൻസ് 2020 (ഓർഡിനൻസ് 1/2020) എന്ന പേരിൽ സർക്കാർ വിളംബരപ്പെടുത്തുകയും ദി കേരള റൈറ്റ് റ്റു ബറിയൽ ഓഫ് കോർപ്സ് ഇൻ ക്രസ്റ്റ്യൻ (മലങ്കര ഓർത്തഡോക്സ്-ജാക്കോബൈറ്റ്സ്) സിമിറ്ററീസ് ആക്റ്റ് 2020 (ആക്റ്റ് 1/2020) എന്ന പേരിൽ നിയമമാക്കുകയും ചെയ്തിട്ടുള്ളതാണ്.

ഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരം കമ്മീഷൻ വൈസ് ചെയർമാനും മെമ്പർ ഡോക്ടർ.എൻ.കെ.ജയകുമാറും, സെക്രട്ടറിയും, ഡ്രാഫ്റ്റിംഗ് എക്സ്പർട്ടും ചേർന്ന് കേരള റഗുലേഷൻ ആന്റ് പ്രിവൻഷൻ ഓഫ് എപ്പിഡമിക് ഡിസീസസ്സ് ബിൽ 2020 ന്റെ കരട് രൂപം തയ്യാറാക്കുകയും സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സർക്കാർ ദി കേരള എപ്പിഡമിക് ഡിസീസസ്സ് ഓർഡിനൻസ് 2020 ആയി വിളംബരപ്പെടുത്തുകയും (ഓർഡിനൻസ് നംപർ 18/2020) 27.3.2020 ലെ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

മീറ്റിംഗുകളിൽ എടുക്കുന്ന തീരുമാനങ്ങളുടെ തുടർനടപടികളും ഭരണപരമായ മറ്റു കാര്യങ്ങളും കമ്മീഷന്റെ തിരുവനന്തപുരത്തെ ഓഫീസിലാണ് നിർവ്വഹിച്ചു വരുന്നത്.

## <u>ധനകാര്യം</u>

| ഹെഡ് ഓഫ് അക്കൗണ്ട് | അനുവദിച്ച തുക | ചിലവഴിച്ച തുക | ബാക്കി |
|---|---|---|---|
| 9. 2014-00-800-80-01 ശമ്പളം | 17,14,000 | 14,67,740 | 2,46,260 |
| 10. 2014-00-800-80-02 വേജസ് | 39,60,000+6,00,000 | 44,44,825 | 1,15,175 |

11. 2014-00-800-80-04 റ്റി.എ. 4,00,000 1,17,595 2,82,405

12. 2014-00-800-80-05 ഓഫീസ് ചെലവ് 6,40,000 2,58,723 3,81,277

13. 2014-00-800-80-06 റെന്റ്,റെയ്റ്റ്,ടാക്സ് 6,00,000 5,27,520 72,480

14. 2014-00-800-80-34 അദർ ചാർജസ് 6,00,000 0 0

15. 2014-00-800-80-97 ഹയർ ചാർജസ് 3,00,000 1,29,706 1,70,294

16. 2014-00-800-80-99 ഇൻഫർമേഷൻ ടെക്നോളജി 2,00,000 13,512 1,86,488

(2014-00-800-80-34-03 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ 6,00,000 രൂപാ ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് 2014-00-800-80-02 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് മാറ്റപ്പെട്ടിട്ടുള്ളതാണ്)

**<u>വിവരാവകാശനിയമം – 2005</u>**

2005-ലെ വിവരാവകാശ നിയമ പ്രകാരം കമ്മീഷൻ സെക്രട്ടറി ശ്രീ.വി.എം.ചാക്കോയെ പബ്ളിക് ഇൻഫർമേഷൻ ഓഫീസറായി നിയോഗിച്ചിട്ടുള്ളതാണ്. പ്രസ്തുത നിയമത്തിലെ 4-ആം വകുപ്പ് പ്രകാരം സ്വമേധയാ വെളിപ്പെടുത്തേണ്ട വിവരങ്ങൾ കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റ് മുഖേന പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്. അപ്പീൽ അധികാരിയായി നിയമിക്കപ്പെടുന്നതിന് കമ്മീഷനിൽ മറ്റ് ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ നിയമ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയെ അപ്പീൽ അധികാരിയായി നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

**<u>ഔദ്യോഗിക ഭാഷ നിയമം</u>**

കമ്മീഷനിലെ ഫയലുകളെല്ലാം തന്നെ ഔദ്യോഗിക ഭാഷയിലാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ കമ്മീഷൻ ബില്ലുകൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നത് ഇംഗ്ലീഷിലാണ്.

**<u>ഇൻഫർമേഷൻ ടെക്നോളജി</u>**

. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കമ്മീഷന്റെ കോട്ടയം, തിരുവനന്തപുരം ഓഫീസുകളിൽ രണ്ടു കംപ്യൂട്ടറും, രണ്ടു പ്രിന്ററും വാങ്ങി സ്ഥാപിക്കുകയും കമ്മീഷനുവേണ്ടി വെബ് സൈറ്റ്

www.lawreformscommission.kerala.gov.in എന്ന അഡ്രസ്സിലും കമ്മീഷന്റെ ഇ.മെയിൽ വിലാസമായി lawreformskerala@gmail.com ആരംഭിക്കുകയും ചെയ്തു.

(ഒപ്പ്)
ചെയർമാൻ
നിയമ പരിഷ്കരണ കമ്മീഷൻ